# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 465

## (26.04.2017 ലെ മറുപടിക്ക്)

## ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ഡോ. എൻ ജയരാജ്<br>ശ്രീ. സി.എഫ്. തോമസ് | ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ: വിശദമാക്കാമോ: | ഉണ്ട്. 78 ട്രഷറികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | സ്ഥലം ലഭ്യമായ ട്രഷറികളിൽ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ: | ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | ഇതിനായി എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | 2016-17 ലെ ധനകാര്യ വകുപ്പ് മന്ത്രിയുടെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ 216-ാം ഖണ്ഡികയിൽ "2011-ൽ രൂപം നൽകിയ ട്രഷറി കെട്ടിടസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 150 കോടി രൂപ നീക്കി വയ്ക്കുന്നു. നടപ്പ് വർഷം 25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു" എന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ (കിഫ്ബി) ഉൾപ്പെടുത്തുന്നതിലേക്കായി 36 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും 19 ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| | | 22.03.2017-ലെ G.O. (Rt) No. 2363/2017/Fin പ്രകാരം ആദ്യ ഘട്ടമായി 10 ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 21,14,15000/- രൂപയുടെ (ഇരുപത്തിയൊന്നു കോടി പതിനാലു ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2017-18 ബജറ്റിൽ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ കെട്ടിട നിർമ്മാണത്തിനായി 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**